Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

വ്യാപ്തകം 12 | ലക്കം 128 | 1965 മേയ് 16 ഞായർ | തൃശ്ശൂർ | വില 10 പൈസ | പേജ് 16

ജാപ്പ് സഹായത്തോടെ ഇന്ത്യയിൽ സ്റ്റീൽ പ്ലാൻറ്

(റോയിട്ടർ) ടോക്യോ, മെ. 15

ഇന്ത്യയിൽ ഒരു ഒസ്പ്രഷൽ സ്റ്റീൽപ്ലാൻറ് നിർമ്മിക്കുന്നതു സംബന്ധിച്ച് ടാറാ ഇരുമ്പുരുക്കു കമ്പനിയുമായി ജപ്പാനിലെ കോബെ സ്റ്റീൽവർക്സും തിസ്ഷൊ ട്രാഡിംഗ് കമ്പനിയും വിശാലമായ ഒരു കരാറിലെത്തിയിരിക്കുന്നു.

'തൊഴിലാളി' വാർഷിക വരിസംഖ്യ നിരക്കു്

വാരാന്ത്യപ്പതിപ്പ്

	പോസ്റ്റേജ്	പോസ്റ്റേജ്
ഒരു കോപ്പിയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
ഏജൻറുമാർവഴി ഒരു മാസക്കാലത്തേയ്ക്കു് വാരാന്ത്യപ്പതിപ്പ് ഒഴികെ		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

അണ്വായുധനിരോധനത്തിനു് ഉടനടി നടപടികളെടുക്കണം

സോവ്യറ്റ് നേതാക്കളുമായുള്ള ചർച്ചകൾ പ്രതീക്ഷാതീതമായവിധം സുപ്രധാനമാണെന്നു് ശാസ്ത്രി

(റോയിട്ടർ) മോസ്കോ മെയ് 15

അണ്വായുധങ്ങൾ നിയന്ത്രിക്കാൻ ഉടനടി നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ മടങ്ങിവരാൻ സാദ്ധ്യമാകാത്ത ഒരു നിലയിൽ ലോകം എത്തിച്ചേരുമെന്നു് ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രി ഇന്നു് മുന്നറിയിപ്പുനൽകിയിരിക്കുന്നു

ക്രെംലിനിൽ നടന്ന ഒരു സോവ്യറ്റ് ഇന്ത്യൻ സൗഹൃദാലിയിൽശാസ്ത്രിഇപ്രകാരം പറഞ്ഞു. 'എൻറെ അഭിപ്രായത്തിൽ അണ്വായുധങ്ങളുടെ വ്യാപ്തിയാണു് ലോകസമാധാനത്തെ നേരിടുന്ന ഏറ്റവും ഗുരുതരമായ ഭീഷണി.'

അണ്വായുധ നിരോധന നടപടികളിൽ റഷ്യ മുൻകയ്യെടുത്തിട്ടുണ്ടെന്നു് ശാസ്ത്രി പറഞ്ഞു. അണ്വായുധ നിരോധന നടപടികളും സുഗമമാക്കാൻ നമ്മളുടെ രാജ്യം (റഷ്യ) ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ചൈന മറിച്ചൊരു ആറാം ബോംബുകൂടി പൊട്ടിച്ചിരിക്കുന്നു. പ്രശ്നത്തിൻറെ ഗുരുതരാവസ്ഥയേയും അടിയന്തിരപ്രാധാന്യത്തേയും ഇതു് കൂടുതൽ ആവർത്തിച്ചുറപ്പിച്ചിരിക്കയാണു്.

ചർച്ചകളെപ്പറ്റി

സോവ്യറ്റ് നേതാക്കളുമായുള്ള തൻറെ ചർച്ചകളും പ്രതീക്ഷാതീതമായവിധം പ്രാധാന്യമർഹിക്കുന്നവയാണെന്നു് ശാസ്ത്രി പറഞ്ഞു. ഇന്ത്യാപാക്കിസ്ഥാൻ കാര്യങ്ങളും കൊളോണിയലിസത്തിനും ഇംപീരിയലിസത്തിനും എതിരായ ഒരു പൊതുനാഗത്തിൽ പ്രസ്ഗിക്കുകയായിരുന്നു അദ്ദേഹം.

ഷേക്കിൻറെ മേൽ ഗവമെണ്ടു സ്വീകരിച്ച നടപടിയെ വിമർശിച്ച രാജാജി, ജയപ്രകാശ്, വിനോബാഭാവേ എന്നിവർക്കു് മെലവി നന്ദി രേഖപ്പെടുത്തി.

ഷേക്കിൻറെ മേൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിക്കണമെന്നും വെടിവെപ്പിനെപ്പറ്റി അന്വേഷണം നടത്തണമെന്നും ആവശ്യപ്പെടുന്ന പ്രമേയങ്ങളും അവർ പാസ്സാക്കി.

....

രണ്ടു ഭക്ഷിമാർകൂടി അറസ്റ്റിൽ

[പി ടി ഐ) ശ്രീനഗർ മെ. 15

മുൻ കാശ്മീർ പ്രധാനമന്ത്രി ഭക്ഷി ഗുലാംമഹമ്മദിൻറെ രണ്ടു സഹോദരന്മാരുടെ മക്കളായ ഭക്ഷി അബ്ദുൽ കയും, ഭക്ഷി സമീർ അഹമ്മദ് എന്നിവരെ കാശ്മീർ പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു.

—

'കൺകെട്ടുവിദ്യ'

(സ്വ പ്ര) തൃശ്ശൂർ, മെ 15

ഇന്നുച്ചകഴിഞ്ഞു് തൃശ്ശൂർ തേക്കിൻകാട്ടു് മൈതാനത്തു് കണ്ണുംകെട്ടി മേട്ടോർ സൈക്കിളും ഓട്ടപ്രകടനം ഉണ്ടായിരിക്കുമെന്നും അതിനുശേഷം ടൌൺ ഹാളിൽ 'ഐ. സി. എസ്. മാജിക്' നടത്തുന്നതാണെന്നും പറഞ്ഞു് നോട്ടീസ് വിതരണംചെയ്യുകയും പാസ്സ് വിൽക്കുകയും ചെയ്തശേഷം ചെപ്പടിക്കാരായ രണ്ടു് തട്ടിപ്പുകാർകൂടിയുണ്ടു് കാര്യമായി കടന്നുകളഞ്ഞിരിക്കുന്നു.

കാര്യമറിഞ്ഞു് പാസ്സുവാങ്ങിയവർ ടൌൺഹാളിൽ ചെന്നു് വളരെനേരം കാത്തിരുന്നെങ്കിലും മാജിക്കോയുടെ യാതൊരുനക്കും കാണാതിരുന്നതിനെ തുടർന്നാണു് ഇതെല്ലാം 'കൺകെട്ടുവിദ്യ'യാണെന്നു് അവർക്കു് മനസ്സിലായതു്.

ടൌണിൽ പലയിടത്തും ഈ വിവരമറിഞ്ഞവർ സംഘടിച്ചു് പ്രകടനങ്ങൾ നടത്തുകയുണ്ടായി. 5ക, 3ക, 2ക, 1ക എന്നിങ്ങനെയാണു് പാസ്സിൻറെ നിരക്കു് 'പാസ്സ്-ഐ. സി. എസ് മാജിക്' എന്നു മാത്രമേ പാസ്സിൽ എഴുതിയിട്ടുള്ളൂ. ഈ കണ്ണുകെട്ടലും മാജിക്കും 'ഗീതാ തിയേറേഴ്സിൻറെ ധനശേഖരാർത്ഥം' ആണെന്നു് വിതരണം ചെയ്ത നോട്ടീസ്സിൽ പറഞ്ഞിരിക്കുന്നു, ഈ രണ്ടു വിദ്വാന്മാർ എവിടുത്തുകാരാണെന്നു് ആർക്കും നിശ്ചയമില്ല.

—

ഇന്ത്യാഗവർമ്മെണ്ടു് ഇന്ത്യയോടു ചെയ്ത ദ്രോഹം

ഷേക്കിൻറെ ബന്ധനത്തെപ്പറ്റി ഫറൂക്ക്

(പി ടി ഐ) ശ്രീനഗർ മെ 15

ഷേക്കബ്ദുള്ളായുടെ ബന്ധനം ഇന്ത്യൻ ഗവമെണ്ടു് ഇന്ത്യയോടുതന്നെ ചെയ്ത ഒരു ദ്രോഹമാണെന്നു് അവാമി ആക്ഷൻ കമ്മറ്റി പ്രസിഡൻറ് മൌലവി ഫാറൂക്ക് പ്രസ്താവിച്ചിരിക്കുന്നു.

ജനങ്ങളുടെ സ്വയംനിർണ്ണയാവകാശത്തിനുവേണ്ടി നടത്തിയ ഒരാക്രമണമാണിതെന്നും മൌലവി തുടർന്നുപറഞ്ഞു.

തിരുമുടി ആക്ഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ചേർന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഷേക്കിൻറെ മേൽ ഗവമെണ്ടു സ്വീകരിച്ച നടപടിയെ വിമർശിച്ച രാജാജി, ജയപ്രകാശ്, വിനോബാഭാവേ എന്നിവർക്കു് മൌലവി നന്ദി രേഖപ്പെടുത്തി.

ഷേക്കിൻറെ മേൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിക്കണമെന്നും വെടിവെപ്പിനെപ്പറ്റി അന്വേഷണം നടത്തണമെന്നും ആവശ്യപ്പെടുന്ന പ്രമേയങ്ങളും അവർ പാസ്സാക്കി.

....

രണ്ടു ഭക്ഷിമാർകൂടി അറസ്റ്റിൽ

[പി ടി ഐ) ശ്രീനഗർ മെ. 15

മുൻ കാശ്മീർ പ്രധാനമന്ത്രി ഭക്ഷി ഗുലാംമഹമ്മദിൻറെ രണ്ടു സഹോദരന്മാരുടെ മക്കളായ ഭക്ഷി അബ്ദുൽ കയും, ഭക്ഷി സമീർ അഹമ്മദ് എന്നിവരെ കാശ്മീർ പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു.

—

ഇന്ത്യക്കു് മുകളിൽകൂടി പാകുവിമാനം പറക്കരുതു്

[പി. ടി. ഐ.) ന്യൂഡൽഹി മെ. 15

പശ്ചിമപാക്കിസ്ഥാനും പൂർവ്വപാക്കിസ്ഥാനുമിടക്കുള്ള ഇന്ത്യൻ പ്രദേശത്തിനുമുകളിൽകൂടി ഇന്നലെ പറക്കേണ്ട ഒരു പാക്കിസ്ഥാനി യുദ്ധവിമാനത്തോടു് ഇന്ത്യക്കുമുകളിൽകൂടി പറക്കരുതെന്നു് അറിയിച്ചിട്ടുള്ളതായി പ്രസ്താവിക്കപ്പെട്ടു.

മേയ് 17-നും 18-നുമിടയ്ക്കു് പാക്കിസ്ഥാനുമുകളിൽകൂടി സോവ്യറ്റ് യൂണിയനിലേക്കു് പറക്കേണ്ട ഒരു ഇന്ത്യൻ വ്യോമസേനാവിമാനത്തോടു് പാക്കിസ്ഥാനുമുകളിൽകൂടി പറക്കരുതെന്നു് നേരത്തെ നല്കിയ കല്പനയെ തുടർന്നു് ഉടനെയാണു് ഇന്ത്യ, പാക് വിമാനത്തിനു നൽകിയിരുന്ന അനുമതി പിൻവലിച്ചതു്. ഇന്ത്യൻ വിമാനത്തിനുള്ള അനുവാദം പിൻവലിച്ചതിനു് പാക്കിസ്ഥാൻ ഗവർമ്മെണ്ടു് ഒരു കാരണവും പറഞ്ഞിരുന്നില്ല.

പാലം വിമാനത്താവളത്തിൽനിന്നും പശ്ചിമപാക്കിസ്ഥാനിലേക്കു് മടങ്ങിപോകുവാൻ ഒരു പാക് സൈനിക വിമാനത്തിനു് ഉത്തരവു നൽകിക്കൊണ്ടു് ഇന്ത്യ ഇപ്പോൾ എടുത്ത നടപടിയ്ക്കെതിരായി ഒരു തിരിച്ചടി നൽകുമെന്നു് കഴിഞ്ഞ ഏതാനും ദിവസങ്ങളായി പാകിസ്ഥാൻ ഇന്ത്യയെ ഭീഷണിപ്പെടുത്തിവരികയായിരുന്നു. സൈനികവിമാനത്തിൻറെ പാർട്ടുകളും കയറ്റിക്കൊണ്ടുപോകുന്നതെന്നതിനാലാണു് പൂർവ്വപാക്കിസ്ഥാനിലേയ്ക്കു ഇന്ത്യയുടെ മുകളിൽകൂടി പാക് വിമാനം പറക്കുന്നതിനെ ഇന്ത്യ അനുവദിക്കാതിരുന്നതു്.

ഫാഷനിക മാർക്കു്



സൂര്യ മാർക്കു്



കിളി മാർക്കു്



മാൻ മാർക്കു്

എന്നീ ശിലകുടകൾക്കു്

E. P. DEVASSY

MUNICIPAL OFFICE ROAD TRICHUR.

ഒരു എം. പി. കൂടി പി. എസ്. പി. യിൽ ചേർന്നു

(പി. ടി. ഐ) ന്യൂഡൽഹി, മെ. 15

പാർലിമെൻറിലെ പി. എസ്. പി. ഗ്രൂപ്പിൽ മി. ജെ. വെങ്കിട്ടപ്പ എം. പി. യും ചേർന്നു കഴിഞ്ഞതായി പി. എസ്. പി. യുടെ പാർലിമെൻററി ബോർഡ് സിക്രട്ടറി മി. കെ, കെ മേനോൻ പ്രസ്താവിച്ചു. ഇതോടെ രാജ്യസഭയിലെ പി. എസ്. പി. ഗ്രൂപ്പിൻറെ ശക്തി ആറിൽനിന്നും ഏഴായി വർദ്ധിച്ചു.

മൈസൂരിൽനിന്നും സ്വതന്ത്രനായിട്ടാണു് മി. വെങ്കിട്ടപ്പ രാജ്യസഭയിലേക്കു് തിരഞ്ഞെടുക്കപ്പെട്ടതു്.

.....

പാകുഭടന്മാർ തട്ടിക്കൊണ്ടുപോയി

(പി. ടി. ഐ) ജമ്മു, മെ. 15

പാനൂ മേഖലയിലെ ദക്ഷിണമേഖലയിൽ നടത്തുകയായ മൂന്നു പാക്കിസ്ഥാനിഭടന്മാർ ഒരു സിവിലിയനേയും 6 കന്നുകാലികളേയും കൊണ്ടുകാൻ ഗ്രാമത്തിൽനിന്നും തട്ടിക്കൊണ്ടുപോയ'തായി അറിയുന്നു.

വെടിനിർത്തൽരേഖ കടന്നു് ഒരു മൈലോളം ഇന്ത്യൻ പ്രദേശത്തേക്കു് ഈ പാക്കിസ്ഥാനികൾ കടന്നുവരികയും കന്നുകാലികളെ തീറ്റിയിരുന്ന സിവിലിയനുമായുടെ നേരെ നിറയൊഴിക്കുകയും ചെയ്തുകയുണ്ടായി. ഇന്ത്യൻ കാവൽഭടന്മാർ സ്ഥലത്തെത്തുന്നതിനുമുമ്പു് അവർ രക്ഷപ്പെട്ടു.

.....

ഒറീസ്സാ കോൺഗ്രസ്സിൽ ഐക്യശ്രമങ്ങൾ

ഐക്യം പുനഃസ്ഥാപിക്കണമെന്നു് നേതാക്കൾക്കു് ആഗ്രഹം

(പി. ടി, ഐ) ഭുവനേശ്വർ, മെ. 15

ഒറീസ്സാ കോൺഗ്രസ്സിലെ വിഭാഗഗ്രൂപ്പുകാർ തമ്മിൽ ഒരു അനൗദ്യോഗിക സംഭാഷണം അടുത്തയാഴ്ചയിൽ നടക്കുമെന്നു് ആധികാരിക കോൺ. വൃത്തങ്ങളിൽനിന്നുമറിയുന്നു.

മുൻമുഖ്യമന്ത്രിമാരായ ബീജു പട്നായിക്കും ഹരേ കൃഷ്ണമേത്താബും ഇന്നലെ ഡെൽഹിയിൽനിന്നു് മടങ്ങിവന്നതിനെ തുടർന്നാണു് ഈ നീക്കം ആരംഭിച്ചിട്ടുള്ളതു്.

സംഘടനയുടെ ആഭ്യന്തരപ്രശ്നങ്ങൾ തമ്മിൽ പാർട്ടിയിൽ ഐക്യം പുനഃസ്ഥാപിക്കണമെന്നും വ്യക്തിപരമായ കാരണങ്ങളുടെ അടിസ്ഥാനത്തിലുള്ള അഭിപ്രായ ഭിന്നതകൾ ഉരീകരിക്കപ്പെടണമെന്നും ഇരുനേതാക്കളും മടക്കയാത്രയിൽ ഡൽഹിയിൽവച്ചു തന്നെ അഭിപ്രായപ്പെട്ടതായി അറിയുന്നു.

എല്ലാ കോൺഗ്രസ്സുകാരുമായി ഉടനടി ഇതുസംബന്ധിച്ചു ചർച്ചകൾ ആരംഭിക്കാൻ ഇരുനേതാക്കളും ഉടൻക്കൽ പ്രദേശ് കോൺ. കമ്മറ്റി പ്രസിഡണ്ടു് ബിജോയ് കുമാർ പാണിഗ്രാഹിയോടാവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ വൃത്തങ്ങൾ പറഞ്ഞു.

മുഖ്യമന്ത്രി സദാശിവ ത്രിപതിയും മുൻമുഖ്യമന്ത്രി ബിരേൻ മിശ്രയും ഐക്യശ്രമങ്ങൾക്കു് പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും അറിയുന്നു.

പട്നായിക് ഇന്നലെ ഇവിടെ എത്തിയ ഉടനെ തന്നെ, പ്രദേശ് കോൺ. നേതാവ് പാണി, മുഖ്യമന്ത്രി ത്രിപാഠി, ബിരേൻമിശ്ര എന്നിവരുമായി ചർച്ചകൾ നടത്തി.

.....

"തൊഴിലാളി"യെ സഹായിക്കുക

"തൊഴിലാളി"പത്രത്തിൻറെ ആരംഭം മുതൽ ഈ രാജ്യത്തിലെ നല്ല മനുഷ്യർ നാനാതരത്തിലും 'തൊഴിലാളി'യെ സഹായിച്ചുപോന്നിട്ടുണ്ടു്. പ്രവർത്തനത്തിൻറെ വടവാതിൽ ആയ തൊഴിലാളിക്കു് പ്രതിലോമകാരികളുടേയും പിന്തിരിപ്പന്മാരുടേയും സംഘടിതമായ എതിർപ്പുകളെ നേരിടാൻ കഴിഞ്ഞതു് ബഹുജനങ്ങളിൽനിന്നും നിർല്ലോഭമായി ലഭിച്ച സഹായസഹകരണങ്ങൾകൊണ്ടു് ഫലമാണെന്ന വസ്തുത കൃതജ്ഞതാപൂർവ്വസ്മരണ ഞങ്ങളും അനുസ്മരിക്കുന്നു. ഞങ്ങളെ സഹായിച്ചിരുന്ന പല കേന്ദ്രങ്ങളുടെ എതിർപ്പുകളെപ്പറ്റിയും വകവെയ്ക്കാതെ ഈ നാട്ടിലെ സാധുക്കൾക്കും സാധാരണക്കാർക്കും തൊഴിലാളികൾക്കും കൃഷിക്കാർക്കുംവേണ്ടി 'തൊഴിലാളി' ഇന്നിൻറെ പരമാവധി ശബ്ദിച്ചിട്ടുണ്ടു്. കമ്മ്യൂണിസത്തിൻറെ തെറ്റുകൾക്കെതിരായി ധീരമായി സമരം സംഘടിപ്പിച്ച ബ. വടക്കനച്ചനും തൊഴിലാളിയും, കോൺഗ്രസ്സിൻറെയും മുതലാളിമാരുടേയും തെറ്റുകൾക്കെതിരെ വിരൽപൂണ്ടിയപ്പോൾ 'ഇതവസാനിപ്പിച്ചേ അടങ്ങൂ' എന്നു് ഉറപ്പുതന്നപ്പോൾ സംഘടിതരായി തൊഴിലാളിയുടെ നേരെ അവർ തിരിഞ്ഞു. 'തൊഴിലാളിയെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമായ കേന്ദ്രങ്ങൾപോലും, തൊഴിലാളിയുടെ പേരിലും സമർപ്പണങ്ങൾക്കിടമില്ലെന്നും നിഷ്ക്രിയരായി നോക്കിനില്ക്കുകയാണുണ്ടായതു്. ചില കേന്ദ്രങ്ങൾ എതിരാളികളുടെകൂടെ കൂടുകയും ചെയ്തു. ഈ അവസരങ്ങളിലെല്ലാം ബ. വടക്കനച്ചൻറെ അനിതരസാധാരണമായ വ്യക്തിപ്രഭാവവും ധീരമായ നേതൃത്വവും അചഞ്ചലമായ മനസ്സാന്നിദ്ധ്യവും തൊഴിലാളിയെ രക്ഷിച്ചു പോന്നു.

സാമൂഹ്യക്ഷേമകാര്യങ്ങളിൽ കൂടുതൽ പരിശ്രമിക്കുവാനും നേട്ടങ്ങൾനേടുവാനും ബ. വടക്കനച്ചൻ കഴിഞ്ഞ സെപ്തംബർ മാസത്തിൽ കേനഡയിലേയ്ക്കുപോയ വിവരം അദ്ദേഹത്തിൻറെ എല്ലാ സുഹൃത്തുക്കൾക്കും ഗ്രഹണാംക്ഷികൾക്കും അറിവുള്ളതാണല്ലോ. ഇൻറർമീഡിയറ്റ് പരീക്ഷയിൽ തോറ്റിരുന്ന ബ. വടക്കനച്ചൻ കേനഡയിലേക്കുപോയതുമുതൽ തൊഴിലാളിയും അതിൻറെ വിനീതരായ പ്രവർത്തകരും പ്രയാസങ്ങളും, വേദനയും ദാരിദ്ര്യവുമായിക്കഴിഞ്ഞുകൂടുകയാണു്. ശത്രുക്കൾ വടക്കനച്ചൻറെ അസാന്നിദ്ധ്യത്തിൽ അവരുടെ എല്ലാവിധ ശക്തിയും ഒരുമിച്ചു പ്രകടിപ്പിക്കുകയാണു്. പ്രബലശത്രുക്കൾ ശതക്കണക്കിനുണ്ടെങ്കിലും ഉറച്ച സുഹൃത്തുക്കൾ സഹായിക്കണമെന്നുള്ള ഒരു പത്രമാണു് 'തൊഴിലാളി'യെന്നു് ഞങ്ങൾക്കറിവുണ്ടു്. 'തൊഴിലാളി'യുടെ നിലനിൽപ്പു് സ്വന്തം നിലനില്പായി കരുതുന്ന ലക്ഷക്കണക്കിനു് കർഷകരും തൊഴിലാളികളും കേരളത്തിലുണ്ടു്, പത്രം നിന്നുപോയി എന്ന കേട്ടാൽ, ആ നല്ല മനുഷ്യർ വേദനിക്കുമെന്നതിനു് സംശയമില്ല. തൊഴിലാളി ഇന്നു് അതിൻറെ ഏറ്റവും പ്രയാസമേറിയ ഒരു കാലഘട്ടത്തിലൂടെയാണു് കടന്നുപോകുന്നതു്. ബ. വടക്കനച്ചൻ വന്നചേരുന്നതുവരെ പത്രത്തിൻറെ പ്രസിദ്ധീകരണം നടത്തിക്കുന്നതു പോകണമെങ്കിൽ, കഴിയുള്ള സാമ്പത്തികസഹായം തൊഴിലാളിയുടെ ഉണകാംക്ഷികളും സുഹൃത്തുക്കളും എത്തിച്ചുതരേണ്ടിയിരിക്കുന്നു. സംഖ്യ ഇവിടെ കിട്ടിക്കഴിഞ്ഞാൽ സംഭാവന തന്നവരുടെ പേരും തുകയും 'തൊഴിലാളി'യിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. കഴിവുള്ള സ്ഥലങ്ങളിലെല്ലാം 'തൊഴിലാളി സഹായസമിതി'കൾ രൂപീകരിച്ചു് പണപ്പിരിവും നടത്തുന്നതായിരിക്കും എളിപ്പം.

സാമ്പത്തികമായി നാട്ടുകാരാകെ തളർന്നിരിക്കുന്ന ഈ അവസരത്തിൽ ഒരു പണപ്പിരിവിനൊരുമ്പെടുന്നതു് സാഹസമാണെന്നു ഞങ്ങൾക്കറിയാം എന്നിരുന്നാലും, ദൈവത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന കേരളത്തിലെ സാധുക്കളുടെ ഒരു ജിഹ്വാ സാമ്പത്തിക പ്രാധിനത്യമൂലം നിന്നുപോകാനിടയാകാതിരിക്കട്ടെയെന്നു് കരുതിയാണു് ഈ സാഹസത്തിനു് തയ്യാറാകുന്നതു്.

ബി. വെല്ലിംഗ്ടൺ

മാനേജിംഗ് എഡിറ്റർ

P. B. No. 90

തൃശ്ശൂർ.

കരി. പാക്കിസ്ഥാനിലെ പുഴലിക്കാറ്റും വേലിയേറ്റവും

5000 പേർ മരിച്ചിട്ടുണ്ടാകുമെന്നു് അനൌദ്യോഗികകണക്കു്

ഔദ്യോഗികകണക്കു് 1400 വരെയായി

[റോയിട്ടർ) കറാച്ചി, മെ. 15

പൂർവ്വപാകിസ്ഥാനിലെങ്ങും കഴിഞ്ഞ് പൊവ്വാഴ്ച ഉണ്ടായ അത്യുഗ്രമായ പുഴലിക്കാറ്റും വേലിയേറ്റവും മൂലം മൃതിയടഞ്ഞവരുടെ എണ്ണം ഔദ്യോഗിക കണക്കനുസരിച്ച് ഇന്നു് 1400 ആയി ഉയർന്നിരിക്കുന്നു.

നാശത്തിനു വിധേയമായ പ്രദേശങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളനുസരിച്ച് മരിച്ചവരുടെ എണ്ണം ഇനിയും ഉയർന്നേക്കാമെന്നു് പാകിസ്ഥാനിയോ പറഞ്ഞു.

ബാരിസൽ എന്ന സ്ഥലമാണു് ഏറ്റവും വഷളായ നാശത്തിനു് വിധേയമായതെന്നും അവിടെ മാത്രം 788 പേർ മരണമടഞ്ഞതെന്നും റേഡിയോ ഉദ്ഘോഷണം പറഞ്ഞു. ഖുൽന ജില്ലയിൽ മാത്രം 33,500 കന്നുകാലികളും ചത്തൊടുങ്ങിയതായി കണക്കാക്കപ്പെടുന്നു.

പുഴലിക്കാറ്റ് ബാധിത പ്രദേശങ്ങളിൽ ഒരു പര്യടനം നടത്തിയശേഷം മടങ്ങിയെത്തിയ ഒരുദ്യോഗസ്ഥൻ ഡാക്കായിൽവച്ചു് ഇപ്രകാരം പറഞ്ഞു. 'ഏതൊരു ദുരന്തവും രംഗങ്ങളും....വമ്പിച്ച ജീവനാശവും ധനനാശവുമാണു് നേരിട്ടിട്ടുള്ളതു്.'

വമ്പിച്ച തോതിലുള്ള ശ്വാസപ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്.

ചിന്നിച്ചിതറിപ്പോയ ജനങ്ങൾക്കു് ഭക്ഷണവും കുടിവെള്ളവും എത്തിച്ചുകൊണ്ടിരിക്കുന്നു.

ഡാക്കയിൽ ഒരു ഗവമെണ്ടുദ്യോഗസ്ഥൻ പറഞ്ഞു: "ഇതുയധികം നാശം വിതച്ച ഒരു പുഴലിക്കാറ്റ് ഇതിനുമുമ്പു് ഈ പ്രദേശത്തുണ്ടായിട്ടില്ല. ഞങ്ങളുടെ മുകളിൽ ഒരു ആറാംബോമ്പു് പൊട്ടിയതുപോലെയിരിക്കുന്നു".

അനൌദ്യോഗികകണക്കു്

പൂർവ്വപാകിസ്ഥാനിലെങ്ങും കഴിഞ്ഞ പൊവ്വാഴ്ച ഉണ്ടായ അത്യുഗ്രമായ പുഴലിക്കാറും വേലിയേറ്റവും മൂലം മരിച്ചവരുടെ എണ്ണം 5000 വരെ എത്തിയേക്കുമെന്നു് ഇവിടെ ലഭിക്കുന്ന അനൌദ്യോഗികറിപ്പോർട്ടുകളിൽ കാണുന്നു. 50 ലക്ഷം പേർ ഭവനരാഹിത്യരായിട്ടുള്ളതായും ഈ റിപ്പോർട്ടിൽ പറയുന്നു.

പൂർവ്വപാക്കിസ്ഥാനിലെ ജനബാഹുല്യമുള്ള പ്രദേശങ്ങളിൽ നേത്തെ പായമേഞ്ഞ ആയിരക്കണക്കിനു വീടുകളും തീയ്യും നശിപ്പിക്കപ്പെട്ടു.

കൊടുങ്കാറ്റിനെ തുടർന്നുണ്ടായ വേലിയേറ്റവും അനേകരുടെ ജീവൻ അപഹരിക്കുകയുണ്ടായി.

നാശനഷ്ടങ്ങളുടെ കണക്കെടുക്കുന്നതിനു് റെഡ്ക്രോസ് സൊസൈറ്റിക്കീഴുള്ള ലീഗ് ഒരു പ്രതിനിധിയെ അയച്ചിട്ടുണ്ടു്.

മുൻവർഷങ്ങളിൽ

1963-ൽ പൂർവ്വപാക്കിസ്ഥാൻറെ തീരപ്രദേശത്തുണ്ടായ പുഴലിക്കാറ്റും വേലിയേറ്റവും മൂലം മരിച്ചവരുടെ എണ്ണം പതിനായിരംവരെ എത്തിയിരുന്നു. കഴിഞ്ഞകൊല്ലം ഏപ്രിൽമാസത്തിലുണ്ടായ മാരകമായ പുഴലിക്കാറ്റിൽപെട്ടു് 300 പേർ മൃതിയടഞ്ഞു.

1960-കൾതോടെയിലുണ്ടായ പുഴലിക്കാറും വേലിയേറ്റവുംമൂലം മരിച്ചവർ 14000-ൽ അധികമായിരുന്നു.

—

ചീനയുടെ രണ്ടാമത്തെ അണുബോമ്പുസ്പോടനം

വിവിധവൃത്തങ്ങളിലെ പ്രതികരണം

(റോയിട്ടർ) വാഷിംഗ്ടൺ മെ. 15

ഇന്നലെ ചീന പൊട്ടിച്ച അണുബോമ്പിനു് 20,000 ടൺ ടി. എൻ. ടി. യുടെ സ്ഫോടകശക്തി ഉണ്ടായിരുന്നതായി കണക്കാക്കാമെന്നു് അമേ. സ്റ്റേറ്റ് ഡിപ്പാർട്ടുമെൻറ് പ്രസ്താവിച്ചിരിക്കുന്നു.

കഴിഞ്ഞ ഒക്ടോബറിൽ പൊട്ടിച്ച ബോമ്പിനെ അതേ വച്ചിട്ടുമോ, അല്പംകൂടി വലുതോ ആയിരുന്നിരിക്കും ഇന്നത്തെ ബോമ്പു്.

അന്തരീക്ഷത്തിൽ അണുസ്ഫോടനം നടത്തുന്നതു് നിരോധിച്ചുകൊണ്ടുള്ള കരാറിനെ ചീന തീർത്തും അവഗണിച്ചതിൽ സ്റ്റേറ്റ് ഡിപ്പാർട്ടുമെൻറ് ഘോരം പ്രകടിപ്പിച്ചു.

ചീനയുടെ അണ്വായുധനിരീക്ഷണങ്ങൾക്കു് സംരക്ഷണംനൽകാൻ അമേരിക്ക പ്രതിജ്ഞാബദ്ധയാണെന്നു് കഴിഞ്ഞ ഒക്ടോബർ 18ാം പ്രസിഡണ്ടു് ജോൺസൺ ചൈനപ്രധാനമന്ത്രിയെ വ്യക്തമാക്കിയിരുന്നു.

ചീനയുടെ രണ്ടാം അണുബോമ്പു സ്ഫോടനം വാഷിംഗ്ടണിൽ യാതൊരു ഇളക്കവും ഉളവാക്കിയില്ല. കഴിഞ്ഞ ഒക്ടോബറിൽ നടന്ന പ്രഥമസ്ഫോടനത്തിനുശേഷം അമേരിക്കൻ വിദഗ്ദ്ധന്മാർ പ്രതീക്ഷിച്ചുകൊണ്ടിരുന്നതു് സംഭവിച്ചുവെന്നുമാത്രമുള്ളൂ.

വമ്പിച്ച സംഖ്യ ചിലവഴിക്കി അനവധികാലത്തെ അശ്രാന്തപരിശ്രമത്തിനുശേഷമാണു് ചീനയുടെ രണ്ടാമത്തെ അണുസ്ഫോടനമെന്നു് അമേരിക്കൻ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു.

ശേഷം 6-ാംപേജിൽ

തെക്കേ ഇന്ത്യൻ അമ്പ്രലാമാർട്ടിൻറെ

മുയൽ മാർക്കു് കുടകൾ



അവ നിങ്ങൾക്കു മികച്ചസേവനം നൽകുന്നു.

MAFRS: SOUTH INDIAN UMBRELLA MART, TRICHUR-1

മാനത്തെ മാരിവില്ലിനേയും പൂവാടിയിലെ പൂമ്പാറ്റയേയും വെല്ലുന്ന വർണ്ണസുന്ദര വസ്ത്രങ്ങൾക്കു്

സമീപിക്കുക:

കുറിച്ചാക്കു ലോന അന്തോണി സൺസ്

ESTD 1934 ഫോൺ: 841 പി. ഒ. റോഡ്, തൃശ്ശൂർ_1 ബസ്സ്റ്റാൻറിനു് സമീപം

തൊഴിലാളി

പോസ്റ്റ്ബോക്സ് 90

ടെലഫോൺ 125

1965 മേയ് 16_ാംനു ഞായർ

കേരളകോൺഗ്രസ്സ്

....o....

തൃശൂരിൽവെച്ച് ഇന്നലെയും ഇന്നുമായി കേരളാകോൺഗ്രസ് അതിന്റെ പ്രഥമസംസ്ഥാന സമ്മേളനം കൊണ്ടാടുകയാണ്. വളരെ ചുരുങ്ങിയ ഒരു കാലഘട്ടംകൊണ്ട് വളർന്നും ജനങ്ങളുടെ ഇടയിൽ അംഗീകാരം നേടാനും ആ പാർട്ടിക്ക കഴിഞ്ഞു. അതിനുള്ള കാരണം, അതിന്റെ നേതാക്കളുടെ അനിതരസാധാരണമായ വ്യക്തിപ്രഭാവമോ സംഘടനയുടെ ആശയപരമായ മേന്മയോ അല്ലെന്നു, നേരേമറിച്ച് പല കാരണങ്ങളാലും കേരളത്തിലെ ജനങ്ങളിൽ വളർന്നുവന്നകോൺ:വിരോധത്തെ സദ്ഭത്തിനൊത്തു മുഷണം ചെയ്യാൻ അവർക്ക കഴിഞ്ഞതാണെന്നും കാണാവുന്നതാണ്

കേരളത്തിലെ നങ്ങളിൽ ബഹുഭൂരിപക്ഷവും ക്യണിസ്റ്റ് ആശയഗതി സ്വീകിക്കാൻ ഇഷ്ടപ്പെടുന്നവരല്ല. അതേ അവസരത്തിൽ കോൺഗ്രസിന്റെ ഭരണംകൊണ്ടും കോൺഗ്രസ്സ് നേതാക്കളുടെ സ്വാർത്ഥപരമായ നടപടി മൂലവും അവർ കോൺഗ്രസ്സിനെ വെറുത്തു. കമ്യൂണിസ്റ്റുവാതെ തന്നെ, കോൺഗ്രസ്സിനെ തകിക്കാനും തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്താനും ഒരവസരം പാർത്തിരിക്കുകയായിരുന്ന കേരളത്തിലെ സാധുക്കളും സാധാരണക്കാരുമായ ജനശ്രദ്ധയാകർഷിക്കാനും കേരളാകോൺഗ്രസ്സിനു

തലസ്ഥാനത്തുനിന്ന്

[സ്പ. ലേ] തിരുവനന്തപുരം, മെയ് 15

കേന്ദ്രമന്ത്രി ശ്രീമതി ലക്ഷ്മി എൻ. മേനോൻ മെയ് 15-ാംതീയതി വൈകുന്നേരം കൊച്ചിയിലെത്തുന്നതാണ്. മെയ് 17-നു അവർ ആലുവായിലും, 18, 19 എന്നീ തീയതികളിൽ പീരുമേട്ടിലും ക്യാമ്പുചെയ്യുന്നതും 20-നു തിരിച്ചുപോകുന്നതുമാണ്.

ഗവർണ്ണരുടെ യാത്രാപരിപാടി

ഗവർണ്ണർ ശ്രീ. എ. പി. ജയിൻ മെയ് 16-ാം തീയതി രാവിലെ ആലപ്പുഴയെത്തി മഹമ്മദൻ ഹൈസ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നതും പിന്നീട് എറണാകുളത്തേയ്ക്ക് പോകുന്നതുമാണ്. അന്നു വൈകുന്നേരം കേരള ഗ്രന്ഥശാലാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആലുവായിൽവച്ചു കൂടുന്ന അഖിലകേരള ഗ്രന്ഥശാലാസംഘസമ്മേളനവും എറണാകുളം മഹാരാജാസ് കാളേജിൽവച്ച് കേരളഹിസ്റ്ററി അസോസിയേഷൻ സംഘടിപ്പിക്കുന്ന ഹിസ്റ്ററി കൺവെൻഷനും അദ്ദേഹം ഉദ്ഘാടനംചെയ്യും. പിറേറദിവസം രാവിലെ അദ്ദേഹം തിരുവനന്തപുരത്ത് തിരിച്ചെത്തും.

നോർത്തേൺ റെയിഞ്ച് ഡി. ഐ. ജി.

നോർത്തേൺ റെയിഞ്ച് പൊലീസ് ഡി. ഐ. ജി. ശ്രീ വി. സുബ്രഹ്മണ്യത്തിന് മെയ് 17-നു മുതൽ 17 ദിവസത്തെ അവധി അനുവദിച്ചിരിക്കുന്നു. സി. ഐ. ഡി. ആൻറ് റയിൽവേയ്സ് ഡി. ഐ. ജി. ശ്രീ ടി. കെ. ഭാസ്കര മാരാർ ഈ കാലയളവിൽ നോർത്തേൺ റെയിഞ്ച് ഡി. ഐ. ജി. യുടെ ചുമതലകൂടി വഹിക്കുന്നതായിരിക്കും.

സിവിലിയൻ സ്റ്റോർ കീപ്പർമാരെ ആവശ്യമുണ്ട്

എയർഫോഴ്സിൽ പ്രതിമാസം 150-300രൂപശമ്പളനിരക്കിൽ സ്റ്റോർ കീപ്പർമാരുടെ 200 ജോലി ഒഴിവുകളുണ്ട്. യൂണിവേഴ്സിററി ബിരുദവും അല്ലെങ്കിൽ കേന്ദ്ര ഗവണ്മെണ്ട് അംഗീകരിച്ച തത്തുല്യമായ യോഗ്യതയും 1965 ജൂൺ 1-ാംനു-ക്ക് 18നും ഇരുപത്തിനാലരക്കും ഇടയ്ക്ക് പ്രായവും ഉള്ളവക്ക് ഇതിലേക്ക് അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവക്കായി 44 ഒഴിവുകൾ സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. അവക്ക് പ്രായപരിധിയിൽ 5 വർഷത്തെ ഇളവും ഇൻറർവ്യൂന് യാത്രപ്പടിയും അനുവദിക്കുന്നതാണ് മററുള്ളവർ ഡൽഹി, കൽക്കത്ത, ബോംബെ, ഷില്ലോങ്ങ് എന്നീസ്ഥലങ്ങളിലൊരിടത്ത് സ്വന്തം ചെലവിൽ ഇൻറർവ്യൂവിന് ഹാജരാകണം. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ മേയ് 20-ാംനു-ക്കകം അടുത്തുള്ള എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലോ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് അസിസ്റ്റൻസ് ബ്യൂറോയിലോ അന്വേഷിച്ചാൽ ലഭിക്കും.

തീയതി നീട്ടി

ടെയിലറിംഗ് ആൻറ് ഗാർമെൻറ് മേക്കിംഗ് ടെയിലറിംഗ് സെൻററുകളിലും, ടെയിലറിംഗ് ട്രെയിഡ് സ്കൂളുകളിലും പ്രവേശനത്തിന് അപേക്ഷിക്കാനുള്ള [illegible] 25 വരെ നീട്ടിയിരിക്കുന്നതായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഒരറിയിപ്പിൽ പറയുന്നു. പ്രവേശനത്തിനുള്ള അപേക്ഷാഫാറവും മററ വിവരങ്ങളുംഅതാതു് സെൻററുകളിലെ ഇൻസ്ട്രക്ടേഴ്സുകളിൽനിന്നും ലഭിക്കുന്നതാണ്. പട്ടം, കൊല്ലം, കോട്ടയം, ചോററാനിക്കര, തൃശ്ശൂർ, ഒററപ്പാലം, വടകര, തലശ്ശേരി, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ ടെയിലറിംഗ് ആൻറ് ഗാർമെൻറ് മേക്കിംഗ് ടെയിനിംഗ് സെൻററുകളും ഹരിപ്പാട്, തുറവൂർ എന്നീ ടെയിലറിംഗ് ട്രെയിഡ് സ്കൂളുകളും ഉണ്ട്.

ലംഗ്വിസ്റ്റിക്സ് എം. ഏ.

യൂണിവേഴ്സിററി ഭാഷാശാസ്ത്ര വകുപ്പിൽ 1965 ജൂൺ മുതൽ ലംഗ്വിസ്റ്റിക്സ് എം. ഏ കോഴ്സ് ആരംഭിക്കുന്നതിന് സർവ്വകലാശാല സിൻറിക്കേററ് അനുമതി നൽകിയിരിക്കുന്നു. സെക്കൻറ് ക്ലാസ്സോടുകൂടിയ ബി. ഏ. യോ ബി. എസ്. സി. യോ ബിരുദം ആണ് ഈ കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവക്ക് ഉണ്ടായിരിക്കേണ്ട ഏററവും കുറഞ്ഞ യോഗ്യത. അപേക്ഷാഫാറങ്ങളും പ്രോസ്പെക്ടസും യൂണിവേഴ്സിററി ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും 1965 ജൂൺ ആദ്യവാരംമുതൽ ലഭിക്കുന്നതാണ്.

ആററിങ്ങൽ ജൂനിയർ ടെക്നിക്കൽ സ്കൂൾ പ്രവേശനം

അടുത്ത അദ്ധ്യയനവർഷത്തിൽ ആററിങ്ങൽ ജൂനിയർ ടെക്നിക്കൽ സ്കൂളിൽ ചേരുന്നതിന് അപേക്ഷകൾ ക്ഷണിക്കപ്പെട്ടിരിക്കുന്നു. സ്കൂൾ പ്രവേശനത്തിന് ആഗ്രഹിക്കുന്നവർ ഏററവും കുറഞ്ഞതു് ഏഴാംസ്റ്റാൻേറർഡ് എങ്കിലും പാസ്സായിരിക്കണം. ഫീസ് കൊടുക്കേണ്ടതില്ല. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവക്ക് സംസ്ഥാനത്തെ മററ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നു ലഭിക്കുന്നതുപോലെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്. അൻപതു് പൈസവിലയ്ക്ക് അപേക്ഷാഫാറങ്ങൾ ജൂനിയർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടാഫീസിൽനിന്നും നേരിട്ടുവാങ്ങാവുന്നതാണ്. അപേക്ഷാഫാറങ്ങൾ തപാൽമാർഗ്ഗം ആവശ്യമുള്ളവർ അൻപതു് പൈസ മണിയോർഡറായി അയക്കണം. ഇതിനുപുറമെ സ്വന്തം മേൽവിലാസമെഴുതി സ്റ്റാമ്പൊട്ടിച്ച ഒരു കവരം അയച്ചിരിക്കണം. അപേക്ഷാഫാറങ്ങൾ ഈ മാസം പത്താം തീയതി മുതൽ കൊടുത്തു തുടങ്ങിയിട്ടുണ്ട്. അപേക്ഷകൾ ജൂനിയർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനു കിട്ടിയിരിക്കേണ്ട അവസാനതീയതി 1965 മെയ് 31 ആണ്.

നെയ്യാർ അണക്കെട്ടിലെ വെള്ളം തുറന്നുവിടുന്നു

നെയ്യാർ അണക്കെട്ടിലെ വലതുകര ത്തോട്ടിലും അതിന്റെ ശാഖകളിലും നാളെ മുതലും, ഇടതുകര തോട്ടിലും അതിന്റെ ശാഖകളിലും ജൂൺ ഒന്നാം തീയതി മുതലും കൃഷിയ്ക്കായിവെള്ളം തുറന്നുവിടുന്നതാണെന്ന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുന്നു.

മാമ്പഴ പ്രദർശനം

1965 മെയ് 22, 23 എന്നീ ദിവസങ്ങളിൽ ഗോവയിലെ പഞ്ചിമിൽവച്ച് നടത്തപ്പെടുന്ന പ്രഗമദിക്ഷണ മേഖലാ മാമ്പഴ പ്രദർശനത്തിലേക്ക് മാമ്പഴങ്ങൾ അയക്കുന്നവർ മേയ് 20-ാം തീയതിക്കുമുമ്പ് അവ അവിടെ എത്തിക്കേണ്ടതാണ്. വ്യക്തികൾക്കും, നഴ്സറികൾക്കും, സ്ഥാപനങ്ങൾക്കും ഇതിലേക്ക് പ്രദർശന വസ്തുക്കൾ അയയ്ക്കാം.

....

ഒരു വഴിഅടയ്ക്കലും പോലീസും

ചങ്ങനാശ്ശേരി മെയ്. 15

ചങ്ങനാശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ അധീനതയിലുള്ള ഒരുപൊതുവഴി, സ്ഥലത്തെ ഒരു വ്യവസായ പ്രമുഖനും ധനാഢ്യനുമായ ഒരാൾ മുനിസിപ്പൽ കമ്മീഷണരുടെ ഉത്തരവിനെ ധിക്കരിച്ചു മതിൽ കെട്ടിഅടച്ചതിനെ തുടർന്നു മുനി: കമ്മീഷണർ മാർഗ്ഗതടസ്സം നീക്കുവാൻ നടപടികളെടുക്കുകയും, ആയതിലേക്ക് പോലീസു സഹായം ആവശ്യപ്പെട്ടിട്ടും പോലീസു സഹായംകിട്ടാതെ വരികയും ചെയ്ത ഒരസാധാരണസംഭവം ഇവിടെഉണ്ടായിരിക്കുന്നു.

ഇതേത്തുടർന്നു ചങ്ങനാശ്ശേരി മുനി: കൗൺസിലിന്റെ ഒരടിയന്തിരയോഗം ചേർന്നു, കമ്മീഷണരുടെ നടപടികളെ അംഗീകരിക്കുകയും പോലീസിന്റെ ഉദാസീനതയിലും കൃത്യവിലോപത്തിലും പ്രതിഷേധം രേഖപ്പെടുത്തുകയുംചെയ്യുന്ന ഒരു പ്രമേയം ഐകകണ്ഠ്യേനഅംഗീകരിക്കുകയും വിവരം ഉടൻതന്നെ ഗവർണർ തുടങ്ങി എല്ലാ അധികൃതരികളെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

....

റാൺ ഓഫ് കച്ച്

പാഴ്ച്ചെടികൾ നിറഞ്ഞ ഒരു വിജനഭൂമി

റാൺ ഓഫ് കച്ചിന്റെ വൈവിധ്യമേറിയ പ്രകൃതിയും മണ്ണിനേയുംപററി രൂപം കിട്ടണമെങ്കിൽ അവിടം ഒന്നു് സന്ദർശിക്കുകതന്നെ വേണം. എത്രതന്നെ സൂക്ഷ്മവും സ്പഷ്ടവുമായിക്കൊള്ളട്ടെ, ഒരു വിവരണത്തിനു് സന്ദർശനത്തിന്റെ ഫലം ചെയ്യാൻ കഴിയില്ല. 'റിച്ച്' ഇരിണം എന്ന സംസ്കൃതപദം (ചതുപ്പുനിലമെന്നർത്ഥംവരുന്ന ഇതിൽനിന്നാണ് റാൺ ഓഫ് കച്ചിന്റെ പേരിന്റെ ഉത്ഭവം) 9000 ചതുരശ്ര മൈൽ വരുന്ന നിർജ്ജനവും ആവാസയോഗ്യമല്ലാത്തതുമായ ഈ പ്രദേശത്തിന്റെ ബഹുമുഖങ്ങളായ ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ല.

ഭുജിൽനിന്നു വടക്കോട്ട് കച്ച്-സിന്ധ് അതിർത്തിയിലേയ്ക്ക് ജീപ്പിൽ സഞ്ചരിക്കുന്ന സന്ദർശകനെ കുററിക്കാടുകൾ നിറഞ്ഞ, കുണ്ടും കുഴികളുമായ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന പാറപൊങ്ങിയ വളഞ്ഞുപുളഞ്ഞ പാതയാണ് ആദ്യം അഭിമുഖീകരിക്കുക. പിന്നീടു് നാഴികകളോളം വിഭിന്ന തോതിൽ ഈർപ്പമുള്ള, നിരപ്പായ, വിശാലമായ തരിശുഭൂമികൾ പരന്നുകിടക്കുന്നു.

കുറച്ചുകൂടി മുമ്പോട്ടുപോയാൽ, അങ്ങിങ്ങ് ഏതാനും മുൾച്ചെടികൾമാത്രമുള്ള മരുഭൂമിയെന്നു തോന്നുന്ന മണൽനിറഞ്ഞ ഭൂഭാഗമാണ് കാണുക. അപൂർവ്വമായി കേൾക്കുന്ന പക്ഷികളുടെ കളകൂജനം ജീവസ്സററ ഏകാന്തതയെ ഒന്നു് ലഘൂകരിച്ചെന്നുവരാം.

ഏകാന്തഗ്രാമം

വണ്ടി വീണ്ടും പാറപോലുള്ള ഒരു പ്രദേശത്തു് പ്രവേശിക്കുന്നു. ഇവിടെ എഴുന്നുനില്ക്കുന്ന പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന ചാണക്കല്ലുകളുണ്ട്. കുററിക്കാടുകളും, ജനവാസത്തിന്റെയും ശുദ്ധജലത്തിന്റേയും ഒപ്പം കന്നുകാലികൾ, കൃഷി, ഗ്രാമം എന്നിവയും ആദ്യദർശനങ്ങൾ കാണവോളം ഇവ തുടരുന്നു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞാൽ പിന്നേയും മുൾച്ചെടികൾ നിറഞ്ഞ പാറപ്രദേശം തന്നെ. ഇടയ്ക്കിടെ ഇരുവശങ്ങളിലും കള്ളിമുൾക്കാടുകൾ കാണാം.

പാറ നിറഞ്ഞ ഈ മരുഭൂമിയിൽനിന്നു സഞ്ചാരി പെട്ടെന്നു വരണ്ട തരിശുഭൂമിയിൽ എത്തുന്നു. ഇതിനു പുറം കണ്ണഞ്ചിക്കുന്ന വെള്ളനിറമുള്ള ഒരു തുണ്ടു ഭൂമി കാണാം. അതു കഴിഞ്ഞാൽ പിന്നെയും ചതുപ്പുനിലമാണ് കുറച്ചുകൂടി പോയാൽ ചതുപ്പ് അത്രതന്നെ ഇല്ലാത്ത സ്ഥലത്തെത്തുന്നു.

മായാവലയം

ഇവിടെനിന്നങ്ങോട്ട് സന്ദർശകൻ മരീചികയുടെ മായാവലയത്തിൽപെട്ടുപോകും. മരീചികകൾ വീണ്ടും തെളിയുന്നു. കുററിക്കാടുകളും മണലും വരണ്ട ശൂന്യപ്രദേശവും ചതുപ്പുനിലങ്ങളും ഇവയെല്ലാം വന്നും പോയുംകൊണ്ടിരിക്കും. റാൺ ഓഫ് കച്ച് തികച്ചും ഒരു വ്യത്യസ്ത ലോകമാണ്.

കാലാവസ്ഥ ഇപ്പോഴും വരണ്ടതാണ് ഏതാനും ദിവസങ്ങൾക്കകം അറബിക്കടലിൽനിന്നുള്ള ഊക്കൻ കാററ റാണിന്റെ മിക്ക ഭാഗങ്ങളും വെള്ളത്തിൽമുക്കും. ഈ പ്രദേശം ചെറുതും വലുതുമായ തടാകങ്ങളുടെയും ചെടിപ്രദേശങ്ങളുടെയും ദുഷ്ക്കരമായ ലോകമായി മാറുകയും ചെയ്യും ഉഷ്ണകാലത്തു് പൊന്തിവരുന ജീവിതത്തിന്റെ ഉച്ഛ്വാസമായ നാമ്പുകൾ അതോടെ കൺമറയും.

യാത്രദുഷ്ക്കരം

മെയ് മാസത്തിനും ഒക്ടോബറിനും ഇടക്ക് ഈ പ്രദേശം മുഴുവൻ വെള്ളത്തിലാണ്ടുപോകുന്നു. ആ അവസരത്തിൽ അങ്ങോട്ടുള്ള യാത്ര ദുഷ്കരവും മിക്കപ്പോഴും അപകടകരവുമത്രെ. തെക്കൻകാററ കടലിൽനിന്നു അടിച്ചുകയററുന്ന ഉപ്പുവെള്ളമാണ് മിക്കയിടത്തും. മഴവെള്ളം വാന്നുകൂടി ചില സ്ഥലങ്ങൾ വെള്ളത്തിന്നടിയിലാക്കുന്നു.

വെള്ളം വാന്നുകഴിഞ്ഞാൽ കല്ലും ചരലും ഉപ്പും നിറഞ്ഞ കഠിനമായ സമനിരപ്പായ ഉപരിതലം ശേഷിക്കുന്നു. ഉഷ്ണകാലമാവുകയും ചൂട് വർദ്ധമാനമാവുകയും ചെയ്യുന്നതോടെ പ്രദേശമൊട്ടുക്ക് സൂര്യപ്രകാശത്തിൽ കണ്ണഞ്ചിക്കുന്നവെളുത്തനിറത്തോടുകൂടി പ്രകാശിക്കുന്നു. വല്ലപ്പോഴും കാണുന്ന പക്ഷികളും കാട്ടുകഴുതകളും സാർത്ഥവാഹക സംഘങ്ങളും ഒഴിച്ചാൽ അവിടെ ജീവിതത്തിന്റെ ചലനങ്ങൾതന്നെ ഇല്ല എന്നുപറയാം.

റാൺ ഓഫ്കച്ച് എത്രതന്നെ നിർജ്ജനവും ആവാസയോഗ്യമല്ലാത്തതുമായിക്കൊള്ളട്ടെ. ഇന്ത്യയെസംബന്ധിച്ചിടത്തോളം സ്വന്തം പവിത്രമായ മണ്ണിന്റെ ഭാഗമാണതു്. പാവനമായ ഹിമാലയത്തെപ്പോലെ ചതുപ്പുനിലങ്ങളുടെ ആവാസകേന്ദ്രമായ റാൺ ഓഫ് കച്ച് നാം എന്തു വിലകൊടുത്തും രക്ഷിക്കേണ്ടതുണ്ട്.

തീർത്ഥയാത്ര

[4-ാംപേജിൽനിന്നു് തുടർച്ച]

ട്ടു. ഭീഗന്തം കൂരിരുട്ടുകൊണ്ടു് ആവൃതമായി. ആനകൾ മൂന്നും ഭൂമി നടുങ്ങുമാറ് കൂപ്പം ഗർജ്ജിച്ചു. സമുദ്രം അത്യുച്ചത്തിൽ എരമ്പി. പരിചിതമായ സ്ഥലങ്ങളും വഴികളുമെല്ലാം മാറിമറിഞ്ഞതായും അജ്ഞാതമായുള്ള ശ്മശാനങ്ങളിൽനിന്ന് പ്രേതങ്ങൾ കത്തിജ്വലിച്ചുകൊണ്ടു് എഴുന്നേററുവരുന്നതായും തോന്നപ്പെട്ടു. പുഷ്പദന്തൻ പവിത്രമായും കോലം ഒരു സാധുമനുഷ്യനെപ്പേറിക്കൊണ്ടു് അശ്വത്ഥത്തിന്മേൽ നാട്ടപ്പെട്ട കൊലമരമായും മാറി. ആ മനുഷ്യമസ്തകത്തിന് ചുററിലും പരന്ന പരിവേഷപ്രഭകൊണ്ടു് നിർദ്ദിഷ്ടരംഗംമാത്രം ദർശിക്കാൻ ആർക്കും പ്രയാസമുണ്ടായില്ല.

യശോദ മണ്ണുതിന്ന പുത്രന്റെ വായിൽനോക്കി എന്തെല്ലാം കണ്ടു? വിശ്വരൂപം വീക്ഷിച്ച കൌരവന്മാർക്കും

അസംഖ്യം മുഖങ്ങളുമസംഖ്യം
ബാഹുക്കളും
അസംഖ്യമായുധങ്ങളുമസംഖ്യം
ചരണങ്ങളും
ശങ്കരൻ വീരിഞ്ചനമിന്ദ്രാദിദേവകളും
പങ്കജവിലോചനനന്തങ്കലേകാണായ്
വന്നു.

അതൊക്കെപ്പട്ടാപ്പകൽ നടന്ന ദർശനങ്ങളും; ഈ കാഴ്ച രാത്രിയിലായെന്നു മാത്രമേ വ്യത്യാസമുള്ളു.

അഹോ! ഹിംസ! ഹിംസ! ശാന്തസുന്ദരമായ വദനം; സാന്ത്വനസന്ദായകമായ കടാക്ഷം; രക്ഷിപ്പിൻ; നിരവദ്യനായ മനുഷ്യനെ കഴുമരത്തിൽനിന്നിറക്കി രക്ഷിപ്പിൻ. ശ്രമണന്മാർ രണ്ടുപേരും ഒന്നിച്ച് പരിദേവനം ചെയ്തു.

രക്ഷിപ്പിൻ; രക്ഷിപ്പിൻ; നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിപ്പിൻ. സമാധി നിവൃത്തനായ ആചാര്യൻ വിളിച്ചറിയിച്ചു.

പ്രേക്ഷകക്കുതോന്നി കാരാഗൃഹത്തനും തുടർന്ന് തൂക്കിലിടപ്പെടാൻ പോകയാണെന്നും. ശ്രമണന്മാരും ഭട്ടതിരിക്കൂട്ടരും വേങ്ങനാടും മൂർഛിച്ച് മറയിട്ടു.

അയ്യോ! ഓടാൻമേലാ; ഒളിയാൻമേലാ; ഒന്നും വേറെ കാണാൻമേലാ. എങ്ങൊരു രക്ഷ?

ചതുർമ്മുഖകോലത്തിൽ,
പ്രേഷിതൻ പ്രഖ്യാപിച്ചു.
ആരൊരുരക്ഷ?
ആളുകൾ ആക്രോശിച്ചു-
ദൈവകുമാരൻ, അദ്ദേഹം
മരപടിനൽകി.

ആരും കാണാത്ത ഒരു ജാഗ്രൽസ്വപ്നം. സ്വല്പനേരം കഴിഞ്ഞപ്പോൾ കാഴ്ച കലാശിച്ചു. പരിസരങ്ങൾ പഴയപടിയായി. ആന ആനയും കോലം കോലവും മാത്രം. ദ്രഷ്ടാക്കളുടെ അന്തഃകരണം മാത്രം പൂർവ്വസ്ഥിതിപ്രാപിച്ചില്ല. അവക്ക് ആനവേണ്ട; അമ്പലംവേണ്ട; പൂരം വേണ്ട; എഴുന്നള്ളിപ്പുവേണ്ട; കഴുമരത്തിൽക്കയറാതിരിക്കണം; അതൊന്നുമാത്രമേ വേണ്ടതായി ശേഷിച്ചുള്ളു.

ആചാര്യന്റെ മൌനസമാധി സതപരം സഫലീഭവിച്ചു. നീണ്ട പ്രഭാഷണങ്ങൾക്കും പ്രബോധനങ്ങൾക്കുംപകരം നിരുപമമായ അദ്ദേഹത്തിന്റെ മൂന്നുമൊഴികൾമാത്രം മതിയായി അനേകം ശ്രോതാക്കളെ സ്വർഗ്ഗപാതയിലേക്ക് ആപ്പിക്കാൻ ആൽത്തറയിൽ ശ്രമണന്മാർ നടത്തിയ പ്രസംഗങ്ങളുടേയും ആനക്കൊട്ടിലിന്നരികെ പ്രേഷിതൻഉച്ചരിച്ച വാക്കുകളുടെയും-ഫലപ്രാപ്തി പിന്നീട് തുലനംചെയ്യവർ

'ലൌകികാനാംഹിസാധൂനാം
വാചമർത്ഥോനുധാവതി;
ഋഷീണാംപുനരാദ്യാനാം
അർത്ഥംവാഗനുധാവതി.'

എന്ന പ്രമാണോക്തിക്ക് സലാംചെയ്തു.

വിളക്കുകളും ദീപയഷ്ടികളും ദീപ്രമായപ്പോൾ ജനാവലി ആചാര്യന്റെ സന്നിധിയിലേക്ക് കുതിച്ചു. ചിലർ മുമ്പിൽക്കടന്ന് പ്രണമിക്കയും, മററ ചിലർ പാദംതൊട്ട് തലയിൽവെക്കയും, വേറെ ചിലർ 'സ്വസ്തി' ഉച്ചരിക്കയും അകലെനിന്നവർ അഞ്ജലി സമർപ്പിക്കയും ചെയ്യാൻ തുടങ്ങി. അദ്ദേഹം വിഷമിച്ചുവെങ്കിലും വിളിച്ചുപറഞ്ഞു.

ദൈവത്തിന്റെ അത്ഭുതശക്തിയാൽ നിങ്ങൾ ശയശ്രുവിങ്കലേക്ക് ആകൃഷ്ടരായി. വിശ്വസിക്കാനും വഴങ്ങാനും മനസ്സുള്ളവർ അതു് പരസ്യമായി പ്രഖ്യാപിക്കുക. അനന്തരം യജ്ഞന്മാരും ബ്രാഹ്മണരും ആയ ആളുകൾ ആനക്കുളത്തിൽ എന്റെ അടുക്കലേക്കും അല്ലാത്തവർ അശ്വരത്തന്റെ പക്കലേക്കും വരട്ടെ. അവിടെവെച്ച് അഭിഷിക്തരായി നിങ്ങൾക്ക് നിങ്ങളെത്തന്നെ രക്ഷിക്കാം.

അശ്വരത്നസമീപിക്കാൻ അധികംപേർ ഉണ്ടായില്ല. ആചാര്യന്റെ സന്നിധിയിലേക്ക് ആദ്യമായി ഇറങ്ങിച്ചെന്നതു് ശ്രമണദ്വയമായിരുന്നു. അവരിൽ ശാലിവാഹനന് ദേവദത്തൻ (John) എന്നും ശശധരന്മാവിൽ ദൈതോദയൻ (Thomas) എന്നും പേരുകളിൽ അഭിഷേകം ദത്തമായി. അതിന്ശേഷം കല്ലറക്കൽ ഭട്ടതിരി, പ്ലാവുങ്കൽ മുതലായവരും പിന്നാലെ വേങ്ങനാട്ടു് തുടങ്ങി വേറെ ചില വരത്തന്മാരും സ്നാപനം ചെയ്യപ്പെട്ടു.

എല്ലാം അവസാനിച്ചപ്പോൾ ഗ്രാമക്കാർ അപേക്ഷിച്ചു. ഗുരോ: അങ്ങ്കൊണ്ടുവന്നിരിക്കുന്ന കോലം ദിവ്യമാണ്. അതു് ഞങ്ങൾക്കുതന്നെ നൽകാൻ ദയയുണ്ടാകണം. തൽക്കാലം പുഷ്പദന്തന്റെ ഈ ഭവത്തിൽ ഞങ്ങൾ അതു് സ്ഥാപിച്ചു് അർച്ചനനടത്തിക്കൊള്ളാം. അചിരേണ ഒരു ദേവാലയം വേറെ പണിതീർത്ത് മാററി പ്രതിഷ്ഠിക്കാനും അടുത്തകൊല്ലം തുടങ്ങി പൂരത്തിന് പകരം, പതിവായി പുഷ്പദന്തന്റെ പുറത്തു് പൂർവ്വാധികാഘോഷങ്ങളോടുകൂടി എഴുന്നള്ളിക്കാനും തീർച്ചയാക്കിയിരിക്കുന്നു.

പാലയൂരിൽനിന്ന് പിന്നങ്ങിപ്പോന്നവരിൽ ഭൂരിപക്ഷം പേർ ഇവിടെയാണെറച്ചതെന്നറിഞ്ഞതിനാൽ അവരുടെ മദ്ധ്യേ പ്രയത്നിച്ച് പ്രതിഷ്ഠിക്കാൻ വേണ്ടി ഞാൻ പണി ചെയ്യേണ്ടതാക്കിയതാണതു്. എന്റെ ആ അഭിലാഷം സംസിദ്ധമാകാൻവേണ്ടി നടത്തിയ മൌനസമാധി വിരചിച്ചതോടെ നിങ്ങൾക്കതു് ഏററ് വാങ്ങാൻ മനസ്സ് വരുത്തിയ പരിശുദ്ധരൂപിക്ക് നമസ്കാരം. ദൈതമൻ പ്രസ്താവിച്ചു.

കോലം ലഭിച്ചതിനേക്കാൾ യേശിന്ദ്രൻ സംഭാവിക്കാൻ തുടങ്ങിയതിൽ എലവുങ്കൽ നമ്പൂരി പ്രത്യേകം സന്തുഷ്ടനായി. കൊട്ടിൽ നന്നാക്കിച്ച് ആശീർവ്വാദം നടത്തി കുരിശ് അവിടെ സ്ഥാപിക്കപ്പെട്ടു.

ആചാര്യൻ സ്ഥലം വിട്ടപ്പോൾ ആന ആ വഴിയിലേക്ക്തന്നെ നോക്കി നിശ്ചേഷ്ടനായിനിന്നു പൌലോമൻ കരുകുല പൂവൻപഴംവാങ്ങി സമ്മാനിച്ചു. കാലം അവന്റെ വിക്രിയകൾക്ക് നമോവാകം ചെയ്തു. കള്ളിമംഗലം തുമ്പിക്കരം തടവി. അശ്വരത്തൻ പറഞ്ഞു. അവൻ മനുഷ്യനായിരുന്നെങ്കിൽ!

* ലോക വിജ്ഞാകതികൾക്കെല്ലാം-
ഫലം വാക്കിന്നുപിന്നാലാം;
ദിവ്യരാംമുനിമാർചൊന്നാൽ-
ഫലംവാക്കിന്നുമുന്നിലും.

....

ബീഡിതൊഴിലാളികൾക്ക് കൂടുതൽ കൂലി

മാലിപ്പുറം മേ. 15

എളങ്കുന്നപ്പുഴ വില്ലേജിലുള്ള ബീഡിതൊഴിലാളികൾ 1000 ബീഡിക്ക് 3ക 50 ന. പ. കൂലി കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു് മേയ് 6ന് ഡിമാൻഡ് നോട്ടീസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ മേയ് 10-ാംനു മുതൽ 1000 ബീഡിക്ക് 3ക. 30ന. പ. അംഗീകരിച്ചുകൊണ്ടു് ഒത്തുതീർപ്പായിരിക്കുന്നു.

—

അലിഗറിൽ കേന്ദ്രരഹസ്യ പോലീസിന്റെ പരാജയം

അട്ടിമറി ശ്രമങ്ങൾ യഥാവസരം റിപ്പോർട്ട് ചെയ്യുന്നതിൽ കുററകരമായ അനാസ്ഥ

— യു. പി. എസ്. പാർലിമെൻറ് കാര്യലേഖകൻ —

ന്യൂഡൽഹി, മെ 15

ആലിഗർ യൂണിവേഴ്സിററിയിൽ നടന്ന ഒരു കോർട്ട് മീററിംഗിൽവച്ച് വൈസ് ചാൻസലർ അലിയവർ ജംഗിന്നേരുണ്ടായ നിന്ദാർഹമായ കയ്യേററത്തിന്റെ ചിത്രം ഏപ്രിൽ 25-ാംതീയതി വിദ്യാഭ്യാസമന്ത്രി ഛഗ്ലപാർലിമെന്റിൽ വിവരിച്ചപ്പോൾ നിശ്ശബ്ദമായി അതുശ്രവിക്കാൻ മാത്രമേ അംഗങ്ങൾക്കു കഴിഞ്ഞുള്ളു. ആലിഗറിൽനിന്നും വർഗ്ഗീയതയുടെ അവശിഷ്ടങ്ങൾ നീക്കംചെയ്യാനുള്ള എല്ലാ നടപടികളും കൈക്കൊള്ളുമെന്ന് ഛഗ്ല അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുവെങ്കിലും കുററവാളികളെ നിർദ്ദാക്ഷിണ്യംശിക്ഷിക്കുമെന്നുറപ്പുവരുത്താൻ അദ്ദേഹം വിസ്മരിച്ചുവെന്നുതോന്നി.

വൈസ് ചാൻസലറെ വധിക്കാൻകരുതിക്കൂട്ടി തയ്യാറായ അക്രമകാരികൾ അദ്ദേഹത്തിനുവേണ്ടി ഒരു ശവപ്പെട്ടിപോലും കരുതിയിരുന്നു എന്ന വസ്തുത ഗുരുതരമായ ഈ പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കാണേണ്ടിയിരിക്കുന്നു എന്നാണ് തെളിയിക്കുന്നതു്. 1964 ഒക്ടോബർ മുതൽ നിരന്തരമായി ആലിഗറിൽ നടന്നുവരുന്ന ഗൂഢാലോചനകളെക്കുറിച്ചുള്ള വിവരങ്ങൾ കേന്ദ്രഗവണ്മെൻറിനേയോ സംസ്ഥാനഗവണ്മെൻറിനേയോ യഥാവസരം ധരിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര ഇൻറലിജൻസ് വിഭാഗവും പോലീസും പരാജയപ്പെട്ടുവെന്ന് ശ്രീ ഛഗ്ല പാർലിമെൻറിൽ തുറന്നു സമ്മതിക്കുകയുണ്ടായി. ഈ നഗ്നമായ ആക്രമണത്തിനുപിന്നിൽനിന്നും പ്രചോദനം നൽകിയ കരുത്ത കൈകളെ എങ്ങനെ നിലക്കുനിറുത്തും എന്നറിയാൻഅംഗങ്ങൾ ജിജ്ഞാസുക്കളായിരുന്നു.

വൈസ്ചാൻസലറെ രാജ്യസഭ ആദരപൂർവ്വം സ്മരിക്കുകയും അദ്ദേഹം വീണ്ടും ആലിഗറിലേക്കുതന്നെ തിരിച്ചു ചെല്ലണമെന്ന ഗവണ്മെൻറ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയും ചെയ്തു. വീണ്ടും ഇത്തരം അനാശാസ്യസംഭവങ്ങൾ ആവർത്തിക്കാതിരിക്കത്തക്കവണ്ണം അദ്ദേഹത്തിന് വേണ്ടത്ര സംരക്ഷണം നൽകണമെന്ന് സഭ ഒന്നടങ്കംആവശ്യപ്പെടുകയുണ്ടായി.

പക്ഷപാതിത്വം, അതൃപ്തികരമായ തീരുമാനങ്ങൾ എന്ന രണ്ടു കുററങ്ങൾ സ്പീക്കർക്കെതിരായി കഴിഞ്ഞ വെള്ളിയാഴ്ചത്തെ സമ്മേളനത്തിൽ ആരോപിക്കപ്പെടുകയുണ്ടായി. സഭാദ്ധ്യക്ഷനോടും സഭാനേതാവിനോടും, രാഷ്ട്രപതിയോടുപോലും ബഹുമാനമില്ല എന്നു സ്പീക്കർ പ്രസ്താവിക്കയുണ്ടായി.

എന്നാൽ ഇത്തരമൊരു സാഹചര്യം എങ്ങിനെ സൃഷ്ടിക്കപ്പെട്ടു എന്നതു് ചിന്താർഹമായ ഒരു കാര്യമാണ്. 'യഥാ രാജാ, തഥാ പ്രജ' എന്ന തത്വം അംഗീകരിക്കപ്പെടണമെന്ന എൻ. ശ്രീകണ്ഠൻനായരുടെ പ്രസ്താവന കുറെയൊക്കെ അർത്ഥവത്തായിത്തോന്നി. ഹേംബരവാ കുറേക്കൂടി കുറിക്കുകൊള്ളത്തക്കനിലയിൽ ഇങ്ങനെ പറഞ്ഞു: 'ഏഴുദിവസത്തേക്ക് ഞാൻ നിർഭാഗ്യകരമായ ഒരു സംഭവത്തെത്തുടർന്ന് സഭയിൽനിന്നും സസ്പെൻറ ചെയ്യപ്പെട്ടു. എനിക്കതിൽ ഖേദമില്ല. എന്നാൽ സഭയിൽ രണ്ടുവിഭാഗം മെമ്പറന്മാരും അവക്ക് രണ്ടു് നിയമങ്ങളും നിലവിലിരിക്കുന്നു എന്ന ധാരണ പൊതുവെ ഉയർന്നുവന്നിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'

നിഷ്പക്ഷമതികളായ നിരീക്ഷകക്ക് സ്വാഭാവികമായി നൽകാൻ കഴിയുന്ന ഒരു നിർദ്ദേശം, മററ മെമ്പറന്മാരെ അവഗണിക്കുന്ന രീതി കോൺഗ്രസ്സുകാർ ഉപേക്ഷിക്കണമെന്നായിരിക്കും. കോൺഗ്രസ് മെമ്പറന്മാർ തെററുകൾക്കതീതരായിരിക്കുമെന്നു കരുതുന്നതു് ഭോഷത്വമായിരിക്കുമല്ലൊ.

സ്പീക്കറുടെ തീരുമാനത്തിനെതിരായി മധുലിമായ പഞ്ചാബ് കോടതികളിൽ സമർപ്പിച്ച ഒരു ഹർജിയെക്കുറിച്ച് സഭ കാര്യമായി പരിഗണിക്കേണ്ടതില്ലെന്നും അതിന്റെഗതിവിഗതികൾ നിരീക്ഷിച്ചാൽമാത്രം മതിയെന്നുമായിരുന്നു സഭയുടെ നിർദ്ദേശം. മധുലിമയയ്ക്കെതിരായ സ്പീക്കറുടെ നടപടിയെക്കുറിച്ച് പലരും സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. അധികാരപ്രമത്തമായഈ മനോഭാവമാണ് സഭയിലെ പലകുഴപ്പങ്ങൾക്കും കാരണമെന്നു കരുതുന്നവരാണ് സഭാനടപടികൾ വീക്ഷിക്കുന്നവരിൽ പലരും.

—

സമൂഹഗാനം

പുലരിവരുന്നു

(കെ. ജെ. ആന്റണി, ഫോർട്ടുകൊച്ചി)

പുലരിവരുന്നു ...!
പുലരിവരുന്നു
പൊന്നിൻകതിരണിഞ്ഞപുലരിവരുന്നു
പുത്തൻപുലരിവരുന്നു.
വഴിമാറുക....വഴിമാറുക
ഇരുളിൻതേരാളികളെ!
വഴിമാറുക....വഴിമാറുക
ഇരുളിൻയവനികയെ!
കളകളംപെയ്യുംകുരുവികളെ,
പൊട്ടിച്ചിരിക്കുംകാട്ടാറരുവികളെ
തടിനികളെ,താമരപൊയ്കകളെ,
പൂമരക്കാടുകളെ!
എതിരേൽക്കാനൊരുങ്ങൂ,വിരുന്നൊരുക്കൂ....
— പുലരിവരുന്നു ...

പച്ചപ്പട്ടുപുതച്ചുനിൽക്കും,
നെൽവയലേലകളെ!
നിറമണികതിരുകളെ,
തെക്കൻകാററിൽതാളംതുള്ളും
തെങ്ങോലപ്പീലികളെ!
പുള്ളിക്കുയിലുകൾപാടിയുറങ്ങും
പള്ളിക്കാടിലുകളെ!
പൈങ്കിളികളെ
കദളിപ്പൂങ്കുലകളെ,അരളിപ്പൂവാടികളെ
എതിരേൽക്കാനൊരുങ്ങൂ,വിരുന്നൊരുക്കൂ....
— പുലരിവരുന്നു...



ബാലസമാജത്തിലെ കലാകാരന്മാരോട്,

നിങ്ങളിൽ പലരും കവിതകൾ എഴുതിഅയയ്ക്കാറുണ്ട്. ഇത്ര ചെറുപ്പത്തിലെ നിങ്ങൾക്കെങ്ങിനെയാണ് കവിത എഴുതുവാൻ കഴിയുന്നതു്? വൃത്തം പഠിക്കാത്ത പലരും വൃത്തം തെററാതെ എഴുതിയ കവിതകൾ ബാലേട്ടനു് കിട്ടി. അത്തരം കവിതകളെക്കുറിച്ച് ഞാൻ കൂടുതൽ തിരക്കി അങ്ങനെ ചെന്നപ്പോൾ ഈയിടെ രണ്ടു് കവിതാമോഷണക്കാരെ കണ്ടെത്തി. ഒരാൾ കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാന്റെ ഒരു ചെറുകവിത; പാഠപുസ്തകത്തിൽനിന്ന് അതുപടി പകർത്തി അയച്ചിരിക്കുന്നു. കവിതയെഴുതുന്നതു് മററുള്ളവരുടെ കവിത സ്വന്തമായി പകർത്തി അയക്കലാണെന്ന് ആ കൊച്ചുപയ്യൻധരിച്ചു.

മററൊരാൾ ചങ്ങമ്പുഴയുടെ കുറച്ച് ഈരടികൾ മൂണ്ടി. കുറച്ച് വള്ളത്തോളിന്റെയും എന്നിട്ട് കൂട്ടിയോജിപ്പിച്ചു. എന്താ സ്ഥിതി!; തന്മൂലം ചെറിയ ചെറിയ കുട്ടികളാരും കവിത എഴുതി അയക്കേണ്ടതില്ല.

ഏതാണ്ട് ഒമ്പതിലും പത്തിലും പഠിക്കുന്ന കുട്ടികൾ കവിത എഴുതി അയച്ചാൽ മതി. അവർ തങ്ങളുടെ കവിത, അവരുടെ മലയാളം അദ്ധ്യാപകനെ കാണിച്ച് തിരുത്തണം. എന്നിട്ട് കവിത പകർത്തിയിരിക്കുന്ന കടലാസ്സിൽ മാസ്റ്ററെക്കൊണ്ടു് ഒപ്പിടുവിക്കണം. അല്ലെങ്കിൽ ബാലസമാജം ഉപദേഷ്ടാവിന്റെ ഒപ്പ് വാങ്ങിയിരിക്കണം.

കൊച്ചുകുട്ടികൾ ദയവായി, കവിത പകർത്തിഅയയ്ക്കുന്ന സംരംഭത്തിൽനിന്നു് പിന്മാറാൻ ബാലേട്ടൻ അവരോട് അഭ്യർത്ഥിക്കുന്നു.

ഇക്കാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

എന്നു്
സ്നേഹപൂർവ്വം
സ്വന്തം ബാലേട്ടൻ

നിങ്ങൾക്കറിയാമോ

എസ്സ്. ജെ. തേർമഠം

നമ്പ്ര് 13

1 നൈലിന്റെദാനം-ഈജിപ്റ്റ്
2 ഇരുണ്ട ഭൂഖണ്ഡം-ആഫ്രിക്ക
3 മഞ്ഞനദി-ഹ്വാങ്ങ്ഹോ
4 നീലമലകൾ-നീലഗിരിമലകൾ
5 ഉദയസൂര്യന്റെ നാട്ട്-ജപ്പാൻ
6 കടലിലെ നദി-ഗൾഫ്സ്ട്രീം
7 ചീനാദുഃഖം-ഹ്വാങ്ങ്ഹോ
8 ലോകത്തിന്റെ മേല്പുര-പാമീർ പീഠഭൂമി
9 പാതിരാസൂര്യന്റെ നാട്ട്-ഹാമർഫെസ്റ്റ്
10 ഇന്ത്യൻ കവാടം-ബോംബെ
11 അഡ്രിയാററിക്കടലിന്റെ റാണി വെനീസ്
12 മെഡിററ്റേനിയൻ കടലിന്റെ താക്കോൽ-ജിബ്രാൾട്ടർ
13 മുട്ടയിടുന്ന സ്തനൃപം-പ്ലാററിപ്പസ്
14 ചിറകുള്ള സ്തനൃപം-വാവൽ
15 പുകയിലയിൽ അടങ്ങിയിരിക്കുന്ന വിഷപദാർത്ഥം-നിക്കോട്ടിൻ

—

വിജയം എവിടെനിന്ന് വരുന്നു?

3-ാംപേജിൽനിന്നുതുടർച്ച

'ലോകത്തിൽ അരമൂഢന്മാരും അതിബുദ്ധിമാന്മാരുമായ മനുഷ്യർ സുഖമായി കഴിയുന്നു; ഇടമട്ടിലുള്ളവക്കാണ് കഷ്ടപ്പാട്.'

x x x x

'പരിഭ്രമമില്ലാതെ എന്തു കുഴപ്പങ്ങളേയും എതിരേൽക്കുവാനുള്ള മനക്കരുത്ത് നമ്മളിൽ വളർന്നുവരട്ടെ.

x x x x

'ഒരാൾക്ക് എന്നെ പ്രഹരിപ്പാൻ കരുത്തുണ്ടെന്നുവെച്ച് എന്നെ മടിയ്ക്കുവാൻ നോക്കിയാൽ ഞാനപ്പോൾ അയാളുടെ പ്രഹരത്തിന്മേലായിരിക്കും വീണ്ടും കിട്ടുന്നവരിക.'

x x x x

'എതിർപ്പും തെററിദ്ധാരണയും അഹിയ്ക്കാത്ത അപവാദവും ദയാശൂന്യമായ പെരുമാററവും നമ്മളെ ശല്യപ്പെടുത്തുമ്പോൾ ശാന്തമായ മനസ്സോടെ അവയെ നേരിടുവാനുള്ള കഴിവ് എത്രയും വിലമതിയ്ക്കത്തക്ക ഒന്നാണ്.

x x x x

'തമ്മിൽ തമ്മിൽ വലുതേയറെ പ്രതീക്ഷിയ്ക്കയും എന്നാൽ ഒന്നുമൊന്നും ആവശ്യപ്പെടാതിരിക്കുകയും ചെയ്യുന്നവരുടെ കൂട്ടുകെട്ടാണ് ഏററവും നല്ല സൗഹൃദബന്ധം.' (എസ്. ബി.)

x x z x

'ബോറൻ ആദ്യം സംസാരിയ്ക്കുന്നു, ചിന്തിയ്ക്കാത്തവൻ രണ്ടാമതു്; ബുദ്ധിയുള്ളവനോ ഏററവും ഒടുവിൽ'

x x x x

വെട്ടുകത്തിയുമായി എത്തേണ്ടിടത്ത് തൊഴുകൈയ്യുമായി പോകുന്നവൻ വെറും ഭീരുവാണ്.

x x x x

'പരിചയമില്ലാത്ത പരിതസ്ഥിതിയെ നേരിടുമ്പോൾ, എപ്പോഴും നല്ലതു് അന്തമില്ലാത്ത പെരുത്തുനില്പല്ല, സഹകരിച്ചു പ്രവർത്തിയ്ക്കുകയാണ്.'

x x x x

'ജ്ഞാനം സമ്പാദിക്കുക, കർമ്മശക്തി വർദ്ധിപ്പിക്കുക, വിധിക്കുവാൻ പഠിക്കുക....'

x x x x

'ഒരു മനുഷ്യൻ ആദ്യത്തെ പത്തു കൊല്ലം കഷ്ടപ്പെട്ടു ജോലി ചെയ്യുകയും അടുത്ത പത്തുമിനിട്ടുകൊണ്ടു കീർത്തി നേടുകയും ചെയ്യുന്നു.' [ബോബ്റിപ്ലേ]

x x x x

'നല്ലതല്ലാത്ത അയൽപക്കങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കുക എന്നതു് നമ്മുടെ അത്ര നല്ലതല്ലാത്ത ഒരു ആവശ്യവും ആണല്ലോ.' (തോറോ)

x x x x

'ആളുകൾ പറയുന്ന തക്കസമയത്തു നിശ്ശബ്ദിക്കുന്ന ഒരു തയ്യൽ പത്തു കീറലിനെ തടുക്കും.'

x x x x

''എന്റെ സമയത്തിൽ ഞാൻ അധികഭാഗവും ഏകാകിയായി കഴിയുവാനാണ് ഏററവും ഇഷ്ടപ്പെടുന്നതു്....എന്തെങ്കിലും ജോലിചെയ്യുകയോ ചിന്തിക്കുകയോ ചെയ്യുമ്പോൾ ഏതൊരു മനുഷ്യനും ഏകാകിയാണ്'' തോറോ_

x x x

''സ്വയം ഒരു ദീപമായിത്തീരുക''

x x x

''സ്വയം ഒരിക്കലും ഒററതിരിഞ്ഞവനായിപ്പോയല്ലോ! എന്നു സങ്കടപ്പെടാറില്ല''

.....



'നിന്നെപ്പോലൊരുവൻ' സ്പെയിനിലേക്ക്

— സുനിൽ —

സ്പെയിനിലെ സാൻസെബാസ്റ്റ്യൻ അന്താരാഷ്ട്രീയ ചലച്ചിത്രോത്സവം ജൂൺ മൂന്നാംതിയ്യതി ആരംഭിക്കുകയാണ്. പ്രസ്തുത ചിത്രമേളയിലേക്ക് തമിഴ്നാട്ടിൽനിന്നൊരു പുതുമയുടെ തീനാളം പാറുന്നുണ്ടുമെന്ന് കേട്ടിരുന്നു. പുത്തൻ ചലച്ചിത്രസങ്കേതങ്ങളിലെ ബോക്സാഫീസ് ഫോർമുലയുടെ നാരായവേരറുത്ത് അവിടെ വിപ്ലവത്തിന്റെ കൊടി നാട്ടിയ ഒരു പുത്തൻ ചിത്രം തമിഴകത്തുനിന്നും അവിടേയ്ക്കയക്കാനായിരുന്നു ഉദ്ദേശം.

ഇന്ത്യാഗവന്മെണ്ട് സ്പെയിനിലേക്ക് തെരഞ്ഞെടുത്തതു് ''ഉന്നൈപോൽ ഒരുവൻ'' എന്ന തമിഴ് ചിത്രമാണ്. 'മദിരാശി ഫോർമുല'ക്കാഘാതം സൃഷ്ടിച്ച ഒരു പുത്തൻ പരീക്ഷണമാണതു്. തമിഴ് സാഹിത്യലോകത്തു് പ്രഖ്യാതനായ ജയകാന്തനെന്ന യുവചെറുകഥാകൃത്താണ് ഈ സാഹസത്തിന്നൊരുങ്ങിയതു്. എന്നാൽ ഈ ചിത്രം മത്സരത്തിന്നയക്കേണ്ടെന്നാണ് അവസാനതീരുമാനം. വിദേശചിത്രങ്ങൾക്ക് സ്പാനിഷ് വിശദീകരണം വേണമെന്ന ഭാരവാഹികളുടെ പുത്തൻ നിർദ്ദേശം സൃഷ്ടിച്ച കുഴപ്പമാണിതു്. സാങ്കേതികമായി ഇതിനിന്ത്യക്ക് വിഷമമുണ്ട്.

''ഉന്നൈപ്പോൽ ഒരുവനി''ൽ ഗാനത്തിന്നും നൃത്തത്തിന്നും സ്ഥാനമനുവദിക്കപ്പെട്ടിട്ടില്ല. മെലോഡ്രാമയുടേയും മററും വിജയപീഠത്തിൽ കയറിനിന്ന് സിനിമാവേദിയിൽ വ്യതിയാനത്തിന്റെ തിക്കാററ് പറത്തിയ ജയകാന്തന്റെ ഈ ചിത്രം ചേരികളിലെ ജീവിതത്തിന്റെ യഥാതഥ രൂപംപകർത്തിയിരിക്കയാണ്. ഇതിലെ കഥയും സംവിധാനവും നിർമ്മാണവും എല്ലാം ജയകാന്തന്റേതാണ്.

അവിവാഹിതയായ ഒരു മാതാവിന്റെ കഥയാണിതു്. അവക്ക് ഒരു പുത്രനുണ്ട്. അമ്മക്ക് വീണ്ടും പുതിയൊരു കാമുകനുണ്ടായപ്പോൾ ഈ ബാലൻ അമ്മയെ വെറുക്കുകയും വഴക്കുണ്ടായ ആ ബന്ധത്തിൽനിന്നും അവൻ വിമുക്തിനേടുകയും ചെയ്യുന്നു. അമ്മയുമൊന്നിച്ച് താമസമാക്കിയ കാമുകൻ ബാലന്റെ തിരിച്ചുവരവിനുവേണ്ടി സ്ഥലംവിട്ടു. അമ്മ അനാഥയായി. ഉപജീവനത്തിന്ന് ജോലിചെയ്യുന്ന അവർ പരിക്കപററി ആസ്പത്രിയിലാക്കപ്പെട്ടു. ഈ അവസാനഘട്ടത്തിൽ മകൻ അവിടെ എത്തുന്നു. അമ്മ അവിടെ വെച്ച് ഒരു പെൺകുഞ്ഞിനെ പ്രസവിക്കുന്നു. കുഞ്ഞിനെ മകനേല്പിച്ചുകൊണ്ട് 'നിന്നെപ്പോലൊരുവൻ സഹോദരനായി എനിക്കുണ്ടായിരുന്നെങ്കിൽ ഒരിക്കലും ഞാനിങ്ങനെ യാകുമായിരുന്നില്ല' എന്ന് പറഞ്ഞ് ആ അമ്മ മരണമടയുന്നതോടെ ചിത്രത്തിന്ന് തിരശ്ശീലവീഴുകയായി.

വാസന്തി വിരമിക്കുന്നില്ല

'തേൻനിലവ്' എന്ന തമിഴ്ചിത്രത്തിൽ ആദ്യമായി കടന്നുവന്ന് 15 ഓളം തമിഴ്, തെലുങ്ക്, മലയാളം പടങ്ങളിൽ പ്രത്യക്ഷപ്പെട്ട വാസന്തി ചലച്ചിത്രലോകത്തുനിന്നും വിരമിച്ച് ഒരു അഭിഭാഷകയാവാനുദ്ദേശിക്കുന്നു എന്നവാർത്ത അടിസ്ഥാനരഹിതമാണെന്നറിയുന്നു. അവരിപ്പോൾ പന്ത്രണ്ടോളം ചിത്രങ്ങളിലഭിനയിക്കുന്നു.

ചലച്ചിത്രവാർത്തകൾ

ഭാർഗ്ഗവീനിലയത്തിലൂടെ സിനിമാവേദിയിൽ കയറിവന്ന [illegible] നാഗിറെഡ്ഡിയുടെ ശേഖരൻ എന്നതമിഴ്ചിത്രത്തിലഭിനയിക്കുന്നു.

x x x

ഓടയിൽനിന്ന്, കുടുംബിനി എന്നീ മലയാളചിത്രങ്ങൾ തമിഴിലേക്ക് പകർത്തുന്നതിന്നുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നതായറിയുന്നു.

ശേഷം 6-ാംപേജിൽ

നാലാം പഞ്ചവത്സരപദ്ധതിയും കേരളവും (4)

ജലസേചനവും വിദ്യുച്ഛക്തിയും

